## കേരള സർക്കാർ

### സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - കളമശ്ശേരി നഗരസഭയുടെ പൊതുശ്മശാനനിർമ്മാണം - 35% ടെണ്ടർ എക്സസ്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 3324/12/തസ്വഭവ** — **തിരുവനന്തപുരം, തീയതി.01.12.2012**

---

**പരാമർശം:- 1. കളമശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 13.06.12 ലെ പി.ഡബ്ള്യൂ.11273/11 നമ്പർ കത്ത്.**

**2. കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ 13.6.12 ലെ 1-ാം നമ്പർ തീരുമാനം**

**3. 11.07.2012-ലെ സ.ഉ(പി) നമ്പർ 396/12/ധന-നമ്പർ ഉത്തരവ്**

## ഉത്തരവ്

കളമശ്ശേരി നഗരസഭയുടെ പൊതുശ്മശാനം നിർമ്മാണത്തിന് 35% ടെണ്ടർ അധിക നിരക്ക് അനുവദിക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. 1,02,00,000/- (ഒരു കോടി രണ്ടു ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തിയ്ക്ക് നഗരസഭാ കൗൺസിലിന്റെ 28.1.12 ലെ 19-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും കൊച്ചിൻ കോർപ്പറേഷന്റെ 13.03.2012 ലെ എം.ഒ.ഇ3-3979/12 നമ്പർ കത്ത് പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 26/4/12-ൽ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ നടപടിക്രമം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

2) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത M/s Hira Constructions, M/s Thermo fab Institution എന്നിവരുടെ പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറുകൾ ഡി.എൽ.ടി.എ.ജി അംഗീകരിച്ചിട്ടുള്ളതാണ്. അതിൻ പ്രകാരം 7/6/12-ൽ പ്രസ്തുത സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ബിഡുകൾ തുറന്നു പരിശോധിച്ചപ്പോൾ M/s Hira Constructions 37% അധിക നിരക്കും M/s Thermo fab Institution 48% അധിക നിരക്കും രേഖപ്പെടുത്തിയിരുന്നു. ലഭിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s Hira Construction-നുമായി നഗരസഭ നെഗോഷ്യേറ്റ് ചെയ്തതനുസരിച്ച് 2% കുറവ് ചെയ്തിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തുകയിൽ നിന്നും 35% അധികരിച്ച ടെണ്ടർ കളമശ്ശേരി മുനിസിപ്പൽ കൗൺസിലിന്റെ പരാമർശം രണ്ട് തീരുമാനപ്രകാരം നിരക്ക് അംഗീകാരത്തിന് സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3. 1/10/2012-ൽ പൊതുമരാമത്ത് വകുപ്പ് ഷെഡ്യൂൾ ഓഫ് റേറ്റ് (SOR) പുതുക്കുകയും (revised) തദ്ദേശസ്വയംഭരണ വകുപ്പ് പ്രസ്തുത എസ്.ഒ.ആർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പഴയ നിരക്കും പുതുക്കിയ നിരക്കും തമ്മിലുള്ള താരതമ്യത്തിൽ കളമശ്ശേരി പൊതു ശ്മശാന നിർമ്മാണത്തിനായി M/s ഹീരാ കൺസ്ട്രക്ഷൻസ് ക്വാട്ട് ചെയ്ത നിർക്ക് 2012 ലെ (Current Schedule of rate)ഷെഡ്യൂൾ നിരക്കിന്റെ 17.5% ആണ് അധികമായി വരുന്നത്.

4) ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 35% ടെണ്ടർ എക്സസ് അനുവദിക്കുന്ന വിഷയമായതിനാൽ ഇക്കാര്യം പരാമർശം മൂന്ന് സർക്കാർ ഉത്തരവ് പ്രകാരം

ചീഫ് സെക്രട്ടറി ചെയർമാനായ സെക്രട്ടറിമാരുടെ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

5) പ്രസ്തുത കമ്മിറ്റി 17.11.12-ൽ കൂടി 2012 ലെ പുതുക്കിയ ഷെഡ്യൂൾ നിരക്കിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും പൊതു ശ്മശാന നിർമ്മാണത്തിനുള്ള ടെണ്ടർ എക്സസ് അംഗീകരിക്കുകയുമുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കളമശ്ശേരി നഗരസഭയുടെ കീഴിൽ ശ്മശാന നിർമ്മാണത്തിനായി പഴയ ഷെഡ്യൂൾ നിരക്കിൽ നിന്നും 35% അധിക നിരക്കിൽ M/s Hira Constructions ന്റെ ടെണ്ടറിന് അംഗീകാരം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്. സെന്തിൽ

പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. സെക്രട്ടറി, കളമശ്ശേരി നഗരസഭ, എറണാകുളം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
   (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. പൊതുഭരണ (എസ്.സി) വകുപ്പ് (28.11.2012 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം 2670 പ്രകാരം)
7. ധനകാര്യ വകുപ്പ് (20.10.12 ലെ 89498/ഡെവ.3/12/ധന അനൗദ്യോഗിക ഫയൽ പ്രകാരം)
8. കരുതൽഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:-നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ധനകാര്യവകുപ്പ് സെക്രട്ടറിയുടെ ഓഫീസ്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്

തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ